(സി) കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിലാകെ 13108 ച.കി.മീ. പ്രദേശം പരിസ്ഥിതി ലോലമായി കണക്കാക്കിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ദ്രുതഗതിയിലുള്ള ഇടപെടലുകളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിസ്തൃതി 9993.7 ച.കി.മീ. ആയിട്ട് കുറച്ചാണ് 10-3-2014-ൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ജനവാസ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ തുടങ്ങിയുള്ള പ്രദേശം ഒന്നാകെ ഒഴിവാക്കി വനപ്രദേശം മാത്രമേ ESA-യിൽ ഉൾപ്പെടുത്താവൂ എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ നയം. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി പരിസ്ഥിതലോല പ്രദേശങ്ങളുടെ അതിർത്തി വിവരണ റിപ്പോർട്ട് നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഉടൻ റിപ്പോർട്ട് നൽകുന്നതാണ്. അന്തിമ വിജ്ഞാപനം ഉടനെതന്നെ പുറപ്പെടുവിക്കുമെന്ന് 7-7-2015-ൽ കൂടിയ സംസ്ഥാനങ്ങളുടെ യോഗത്തിൽ കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല. പുതിയ നിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

കുറ്റകൃത്യങ്ങൾ തടയാൻ നടപടി

5 (*455) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് ദേശീയ ശരാശരിയെക്കാളും കൂടുതലാണെന്ന ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആത്മഹത്യ, വിവാഹമോചനം, ഒളിച്ചോട്ടം, അശ്ലീല ദൃശ്യങ്ങളുടെ വ്യാപനം, സൈബർ നിയമലംഘനങ്ങൾ തുടങ്ങിയവയുടെ സംസ്ഥാനത്തെ നിരക്ക് ദേശീയ ശരാശരിയെക്കാളും വർദ്ധിച്ചിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സാമൂഹം അരാജകത്വത്തിലേക്ക് വഴുതി വീഴുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2013-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ നിരക്ക് ദേശീയ തലത്തിൽ 212.4 ആണ്. എന്നാൽ കേരളത്തിൽ 502.2 ആണ് രേഖപ്പെടുത്തി കാണുന്നത്. 2013-ൽ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്യപ്പെട്ട 1,76,334 ഐ.പി.സി. കേസുകളെ Registration General of India-യുടെ കണക്ക് പ്രകാരമുള്ള അന്നത്തെ ജനസംഖ്യയായ 351.11 ലക്ഷം എന്ന സംഖ്യകൊണ്ട് ഹരിച്ച് കിട്ടിയ കണക്ക് പ്രകാരമാണ് മേൽ പറയുന്ന 502.2 എന്ന നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 2014-ലെ കണക്കുകൾ ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. കൊലപാതകങ്ങൾ പോലുള്ള ഗുരുതര കുറ്റകൃത്യങ്ങളുടെ നിരക്ക് കേരളത്തിൽ കുറവാണ്. എന്നാൽ മറ്റ് കുറ്റകൃത്യങ്ങളെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ ദേശീയതലത്തിൽ ഉള്ളതിനേക്കാൾ കേരളത്തിൽ കൂടുതലാണ്. ഇതിൽ ബഹുഭ്രൂരിപക്ഷവും പോലീസ് സ്വമേധയാ എടുക്കുന്ന കേസുകളും, ട്രാഫിക് കേസുകൾ, വർദ്ധിച്ചുവരുന്ന വാഹന അപകട കേസുകൾ എന്നിവയൊക്കെയാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നിയമബോധവും നിയമസാക്ഷരതയും ഏറെയായതിനാൽ ചെറുതും വലുതുമായ മിക്ക കാര്യങ്ങൾക്കും കേസുകൊടുക്കാൻ പൊതുജനങ്ങൾ മടികാണിക്കാറില്ല. ഒരു കേസിന് തന്നെ കൗണ്ടർ കേസ് കൊടുക്കുന്ന പ്രവണതയും ഇത്തരത്തിലുള്ള കേസുകളുടെ എണ്ണം കൂടുവാൻ കാരണമാവുന്ന ഘടകമാണ്. കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും ഏതൊരു വ്യക്തിക്കും ആൺ-പെൺ ഭേദമില്ലാതെ ഭയരഹിതമായി പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സമർപ്പിക്കാനുള്ള അവസരവും കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവിന് ഒരു ഘടകമാണ്.

(ബി) 2013-ൽ ആത്മഹത്യയുടെ ദേശീയ നിരക്ക് 10.9 ആയിരിക്കുമ്പോൾ കേരളത്തിൽ 24.6 ആണ്. 2013-ൽ അശ്ലീലദൃശ്യങ്ങളുടെ വ്യാപനത്തിന്റെ നിരക്ക് ദേശീയതലത്തിൽ 0.06-ഉം കേരളത്തിൽ 0.11-ഉം ആണ്. 2013-ൽ സൈബർ നിയമ ലംഘനങ്ങൾ ദേശീയതലത്തിൽ 4356 കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ കേരളത്തിൽ അത് 390 ആണ്. ആയതിന്റെ നിരക്ക് ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ ലഭ്യമാക്കിയിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കണക്കുകൾ പ്രകാരം ആത്മഹത്യ, അശ്ലീല ദൃശ്യങ്ങളുടെ വ്യാപനം എന്നിവ 2012-നെ അപേക്ഷിച്ച് പിന്നീടുള്ള വർഷങ്ങളിൽ വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. എന്നാൽ സൈബർ നിയമ ലംഘനങ്ങൾ വർദ്ധിച്ചുവരുന്നതായും കാണുന്നു. ഇന്റർനെറ്റ്, മൊബൈൽ ഫോൺ, വാട്സാപ്പ് തുടങ്ങിയ രംഗങ്ങളിലെ സാങ്കേതിക പുരോഗതി അവയുടെ ദുരുപയോഗത്തിന് കാരണമാകുന്നതും ആയവ സൈബർ നിയമ ലംഘനങ്ങൾക്കും അശ്ലീല ദൃശ്യങ്ങളുടെ വ്യാപനത്തിനും കാരണമാകുന്നു. വിവാഹമോചനത്തിനും ഒളിച്ചോട്ടത്തിനും മാത്രമായി ജില്ലകളിൽ പ്രത്യേകം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന പോലീസ് ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പോലീസ് സംവിധാനങ്ങളിൽ ഒന്നാണ്. നിയമ സാക്ഷരതയും കൂടുതൽ ജനസംഖ്യയും ഉള്ള കേരളത്തിൽ പോലീസ് വളരെ കാര്യക്ഷമമായാണ് കൃത്യനിർവ്വഹണം നടത്തിവരുന്നത്. ആയതിനാൽ സംസ്ഥാനത്ത് അരാജകാവസ്ഥയില്ല. നാടിനും ജനങ്ങൾക്കും ദോഷകരമായി വരുന്ന ഏതെങ്കിലും സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമമനുസരിച്ച് പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

അനധികൃതമായി കൈവശം വച്ചുവരുന്ന നിക്ഷിപ്ത വനഭൂമി

6 (*456) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷിപ്ത വനഭൂമി സ്വകാര്യ വ്യക്തികൾ നിയമവിരുദ്ധമായി കൈവശംവച്ച് പോരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം കേസുകളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായുള്ള കമ്മിറ്റി കണ്ടെത്തലുകൾ വിശദമാക്കാമോ ; ഏതെല്ലാം വനഭൂമി കയ്യേറ്റങ്ങൾ ഈ കമ്മിറ്റിയുടെ കണ്ടെത്തലുകളെ തുടർന്ന് ഒഴിപ്പിച്ചെടുത്തിട്ടുണ്ട് ; ഈ കമ്മിറ്റി എത്ര തവണ യോഗം ചേർന്നിട്ടുണ്ട് ;

(സി) ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന നെല്ലിയാമ്പതി 786 ഏക്കർ ഭൂമി കരുണാ എസ്റ്റേറ്റ്/പോബ്സ് എസ്റ്റേറ്റ് അനധികൃതമായി വച്ചുവരുന്നത് സംബന്ധിച്ച ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് വനം വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ;

(ഡി) നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമവിരുദ്ധമായി നൽകിയ എൻ.ഒ.സി. ആക്ഷേപങ്ങളെ തുടർന്ന് റദ്ദ് ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ അതേ തുടർന്നുള്ള അന്വേഷണ റിപ്പോർട്ട് പരിശോധിക്കാനും തുടർ നടപടികൾ സ്വീകരിക്കാനും വനം വകുപ്പിൽ നടപടികൾ ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

LIBRARY ARCHIVES Kerala Legislative Assembly